ടെൽക്കിന്റെ പ്രവർത്തനം

30 (2086)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ടെൽക്കിന്റെ ഇന്നത്തെ അവസ്ഥ എന്താണ്; കഴിഞ്ഞ 5 വർഷക്കാലത്തെ ലാഭനഷ്ടങ്ങളുടെ കണക്കു വ്യക്തമാക്കുമോ; എത്ര തൊഴിലാളികൾ ഇവിടെ പണി എടുക്കുന്നുണ്ട്;

(ബി) ടെൽക്കിനെ സംബന്ധിച്ചുള്ള ബി.ഐ.എഫ്.ആറിന്റെ തീരുമാനം എന്താണ് എന്നറിയിക്കുമോ;

(സി) ടെൽക്ക് ട്രാൻസ്ഫോർമർ വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിന് ഓർഡർ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിലേക്കാണെന്നും എത്ര കോടി രൂപയുടെ ഓർഡർ ലഭിച്ചുവെന്നും അറിയിക്കുമോ;

(ഡി) ടെൽക്കിന്റെ പുരോഗതിക്കുവേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ടെൽക്കിന്റെ പുരോഗതി ലക്ഷ്യമാക്കി കെ.എസ്.ഇ.ബി.ക്ക് ആവശ്യമുള്ള ട്രാൻസ്ഫോർമറിന്റെ 50% ടെൽക്കിൽ നിന്നും വാങ്ങാൻ നടപടി സ്വീകരിക്കുമോ; കെ.എസ്.ഇ.ബി.യിലെ ട്രാൻസ്ഫോർമറുകൾ സ്വകാര്യ കമ്പനിക്ക് നന്നാക്കാൻ നൽകുന്നത് ഒഴിവാക്കി ടെൽക്കിനെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബി.ഐ.എഫ്.ആർ അംഗീകരിച്ച ഒരു പുനരുദ്ധാരണ പദ്ധതി ഇപ്പോൾ ടെൽക്കിൽ നടപ്പിലാക്കിവരികയാണ്. കമ്പനിയുടെ കഴിഞ്ഞ 5 വർഷത്തെ അറ്റാദായം ഇനിപ്പറയും പ്രകാരമാണ്.

1994 - 95	-	669 ലക്ഷം രൂപ
1995 - 96	-	260 ലക്ഷം രൂപ
1996 - 97	-	168 ലക്ഷം രൂപ
1997 - 98	-	260 ലക്ഷം രൂപ
1998 - 99	-	(-) 97 ലക്ഷം രൂപ

(1997 - 98, 1998-99 വർഷങ്ങളിലെ അറ്റാദായം ആഡിറ്റിനു വിധേയവും കിട്ടാകടങ്ങൾ പരിഗണിക്കാതേയും ഉള്ളതാണ്, 1564 തൊഴിലാളികൾ കമ്പനിയിൽ ജോലി ചെയ്യുന്നുണ്ട്.

(ബി) ബി.ഐ.എഫ്.ആർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി പ്രകാരം കമ്പനിയുടെ സഞ്ചിത നഷ്ടം 2002-2003-ൽ തുടച്ചു മാറ്റാൻ സാധിക്കുമെന്നു കരുതുന്നു.

(സി) ഈ സാമ്പത്തിക വർഷം കമ്പനിക്ക് ഒമാനിൽ നിന്നും 2.2 കോടി രൂപയ്ക്കുള്ള കയറ്റുമതി ഓർഡർ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ 48 കോടി രൂപയ്ക്കുള്ള കയറ്റുമതി കമ്പനി നടത്തിയിട്ടുണ്ട്.

(ഡി) ബി.ഐ.എഫ്.ആർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി പ്രകാരം ഇനിപ്പറയുന്ന ആശ്വാസങ്ങൾ/സൗജന്യങ്ങൾ കമ്പനിക്ക് സർക്കാർ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1) ധനകാര്യ സ്ഥാപനങ്ങൾക്കുള്ള കുടിശ്ശിക തീർക്കുന്നതിലേയ്ക്ക് (ഒൺടൈം സെറ്റിൽമെന്റ്) കമ്പനിക്ക് സർക്കാർ 1997-98, 1998-99 വർഷങ്ങളിൽ 1262 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(2) കമ്പനിയുടെ വിൽപ്പനനികുതി ബാദ്ധ്യതയായ 1200 ലക്ഷം രൂപ പുനരുദ്ധാരണ പദ്ധതിയുടെ കാലയളവിനു ശേഷം പലിശയില്ലാതെ തിരിച്ചടച്ചാൽ മതിയാകും.

(3) കമ്പനി നൽകേണ്ട കുടിശ്ശികയുള്ള ഗ്യാരണ്ടി കമ്മീഷൻ തുകയായ 405 ലക്ഷം രൂപ (പലിശയില്ലാതെ) അടയ്ക്കുന്നത് മാറ്റിവെച്ചു. പുനരുദ്ധാരണ പദ്ധതിയുടെ കാലയളവിൽ കുടിശ്ശിക വരുന്ന ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കുന്നതും മാറ്റിവെച്ചിട്ടുണ്ട്.

(ഇ) കെ.എസ്.ഇ.ബി.യിൽ നിന്നും 10% പ്രൈസ് പ്രിഫറൻസോടുകൂടി ടെൽക്കിന് ഓർഡറുകൾ ലഭിക്കുന്നുണ്ട്. ട്രാൻസ്ഫോർമറുകൾ നന്നാക്കുന്നതിനായി ടെൽക്കിനെ ഏൽപ്പിക്കുന്നതിന് ഇലക്ട്രിസിറ്റിബോർഡ് ഒരു തീരുമാനമെടുത്തിട്ടില്ല.

അലിന്റിന്റെ കോർപ്പറേറ്റ് ഓഫീസ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

31 (2087) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലിന്റിന്റെ കോർപ്പറേറ്റ് ഓഫീസ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് യാതൊരു അറിയിപ്പുമില്ലാതെ 1998 നവംബർ മാസം മുതൽ അടച്ചിട്ടിരിക്കുകയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓഫീസ് അടച്ചുപൂട്ടിയതിന്റെ ഭാഗമായി 10 വർഷം മുതൽ 25 വർഷം വരെ സർവ്വീസുള്ള 15 ജീവനക്കാർക്ക് തൊഴിൽ ഇല്ലാത്ത സാഹചര്യം ആണ് നിലവിലുള്ളതെന്ന് അറിയുമോ;

(ഡി) അലിന്റിന്റെ കീഴിൽ തന്നെ പ്രവർത്തിക്കുന്ന മാന്നാർ സ്വിച്ച് ഗിയർ യൂണിറ്റിലും തിരുവനന്തപുരത്ത് പുളിയറക്കോണത്ത് പ്രവർത്തിക്കുന്ന 'റിലെ' യൂണിറ്റിലും ഇവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ ജീവനക്കാർക്ക് നൽകാനുള്ള ശമ്പള കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. അലിന്റിലെ പൊതുവായ പുനരുദ്ധാരണത്തിനായി സർക്കാർ ശ്രമിച്ചുവരുന്നു.

(ബി) സാമ്പത്തിക പരാധീനതകൾ കാരണം അടച്ചിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അറിയാം.

LIBRARY ARCHIVES Kerala Legislative Assembly